**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3358** **11.05.2017-ൽ മറുപടിയ്ക്ക്**

# നോട്ട് നിരോധനത്തിനുശേഷം സഹകരണബാങ്ക് നിക്ഷേപങ്ങളിൽ കുറവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നോട്ട് നിരോധനം സഹകരണ മേഖലകളെ എത്രമാത്രം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും, തിരിച്ചടവും നിക്ഷേപവും ഉൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും നിലച്ചത് കർഷകരെ ദുരിതത്തിലാക്കി. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി നിക്ഷേപ തുക പിൻവലിക്കാൻ ആകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിതപൂർണമായി തീർന്നു. |
| (ബി) | നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകളിൽ ലഭിക്കുന്ന നിക്ഷേപങ്ങൾക്ക് കുറവുണ്ടായി എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് പരിഹരിക്കുവാൻ സഹകരണ മേഖലകൾക്ക് സർക്കാർ എന്തെങ്കിലും പരിഹാരനിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. |

സെക്ഷൻ ഓഫീസർ